<u>**15 -ാം കേരള നിയമസഭ**</u>

<u>**10 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 566**</u> <u>**30-01-2024 - ൽ മറുപടിയ്ക്ക്**</u>

<u>**ജി. എസ്. ടി. വരുമാനത്തിലെ വർദ്ധനവ്**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ജി.എസ്.ടി. വരുമാനത്തിൽ വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെയുമുള്ള വരുമാനത്തിന്റെ കണക്ക് വിവരം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ ജി.എസ്.ടി. വരുമാനത്തിൽ വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 2017 ജൂലൈ 1 മുതലാണ് സംസ്ഥാനത്ത് ജി.എസ്.ടി നടപ്പാക്കിയത്. ജി.എസ്.ടി നടപ്പാക്കുന്ന ഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നത് 14% വാർഷിക നികുതി വളർച്ചയാണ്. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5 ശതമാനമോ അതിനു മുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ഇതിൽ ഭൂരിഭാഗത്തിന്റെയും ജി.എസ്.ടി നികുതി നിരക്ക് 28% (CGST 14%+SGST 14%) ശതമാനമായി നിശ്ചയിച്ചിരുന്നത്, ജി.എസ്.ടി കൗൺസിൽ 18% (CGST 9%+ SGST 9%), 12%(CGST 6%+ SGST 6%) എന്നീ നികുതി നിരക്കുകളിലേക്ക് കുറവു ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതി പിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. 2019-20, 2020-21 വർഷങ്ങൾ കോവിഡ് ബാധിത കാലയളവായതിനാൽ നികുതി വർദ്ധനവിനെ ബാധിച്ചിട്ടുണ്ട്.<br><br>ജി.എസ്.ടി നടപ്പാക്കിയതു മുതൽ സംസ്ഥാനത്തിന് ലഭിച്ച ജി.എസ്.ടി നികുതി വരുമാനത്തിന്റെ കണക്ക് വിവരം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്നു. |

| സാമ്പത്തിക വർഷം | ജി.എസ്.ടി.നികുതി വരുമാനം (കോടിയിൽ)* | വർദ്ധനവ് / വ്യതിയാനം (തുക കോടിയിൽ) |
|---|---|---|
| 2017-18 (2017 ജൂലൈ മുതൽ) | 12200.08 | |
| 2018-19 | 21119.21 | |
| 2019-20 | 20072.92 | -1046.29 |
| 2020-21 | 19276.53 | -796.29 |
| 2021-22 | 23985.29 | 4708.76 |
| 2022-23 | 29195.30 | 5210.01 |
| 2023-24** (ഡിസംബർ വരെ) | 23033.63 | 2115.02 |

| | | | |
|---|---|---|---|
| | | | *Provisional<br><br>** Without IGST Adhoc |

സെക്ഷൻ ഓഫീസർ